I/641792/2024

ഭരണഭാഷ മാതൃഭാഷ

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.DT/171/2024-A9 തീയതി :17-01-2024

**സർക്കുലർ**

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - Recognition of Prior Learning under Crafts Instructor Training scheme - 2023-24 Academic Session-നിർദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1 . ഡി.ജി.റ്റി യുടെ 26.12.2023 തീയതിയിലെ DT/11011/26/2022-O/o-DIR(CFI) (E-50800) നമ്പരായ കത്ത്.
2. 03.01.2024 തീയതിയിലെ DT/6042/2023-G4 നമ്പർ കത്ത്.

***************

ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ലാത്തതും ടീച്ചിംഗ് മേഖലയിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയമുള്ള ഗവ./പ്രൈവറ്റ് ഐ.ടി.ഐകളിലെ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്കായി 2019 മുതൽ Recognition of Prior Learning (RPL) under CITS ഡി.ജി.റ്റി ആവിഷ്കരിച്ചിരുന്നു. ടി സ്കീമിന്റെ 2023-24 അക്കാഡമിക് സെഷന്റെ എക്സാം ഷെഡ്യൂൾ സൂചന (2) പ്രകാരം DGT യിൽ നിന്നും ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ലാത്ത, ഇൻസ്ട്രക്ടർ (Govt./Pvt) തസ്തികയിൽ മൂന്ന് വർഷത്തെ പ്രവർത്തി പരിചയമുള്ളതുമായ ജൂനിയർ ഇൻസ്ട്രക്ടർ/സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ എല്ലാ ജീവനക്കാരും ബന്ധപ്പെട്ട ട്രേഡിൽ, RPL മുഖേന പരീക്ഷ എഴുതുന്നതിന്, 08.01.2024 മുതൽ 07.02.2024 വരെയുള്ള തീയതിക്കകം RPL Guidelines അനുസരിച്ച്, ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും പരീക്ഷയ്ക്കായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. R P L എഴുതുന്നതിന് അർഹരായ എല്ലാ ജീവനക്കാരും ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതായും പരീക്ഷ എഴുതുന്നതായും എല്ലാ സ്ഥാപനമേധാവികളും ഉറപ്പുവരുത്തേണ്ടതാണ്. പ്രൈവറ്റ് ഐ.ടി.ഐകളിലെ അർഹരായ ജീവനക്കാർക്ക് RPL പരീക്ഷ എഴുതുന്നതിനുള്ള നിർദ്ദേശം അതാത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ നൽകേണ്ടതാണ്.

<u>നിലവിൽ മൂന്ന് വർഷമോ അതിലധികമോ സേവനമുള്ള ജീവനക്കാരിൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയിക്കാത്ത ജീവനക്കാർ RPL മുഖേന പരീക്ഷ എഴുതുന്നതിന് രജിസ്റ്റർ ചെയ്യുന്നില്ല എങ്കിൽ അവർ സ്വമേധയാ ട്രെയിനിംഗിൽ നിന്നും ഒഴിവായതായി പരിഗണിക്കുന്നതാണ്. അവർക്ക് തുടർന്നുള്ള സ്ഥാനക്കയറ്റങ്ങളിൽ KCSC Rule-6-ന്റെ</u>

<u>ആനുകൂല്യം ലഭിക്കുന്നതല്ല.</u>

Recognition Prior Learning(RPL) under CITS-ന്റെ 26.04.2022 തീയതിയിലെ DT/11011/5/2022-O/o-DIR(CFI) നമ്പർ പ്രകാരമുള്ള മാർഗ്ഗരേഖയും എക്സാം ഷെഡ്യൂളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

SIVASANKARAN K P
ADDITIONAL DIRECTOR OF TRAINING

<u>സ്വീകർത്താവ്:-</u>

ഇൻസ്ട്രക്ടർ തസ്തികയിലെ എല്ലാ ജീവനക്കാരും
(സ്ഥാപന മേധാവി മുഖേന)

<u>പകർപ്പ് :-</u>

1. എല്ലാ സ്ഥാപനമേധാവികളും
2. വകുപ്പ് വെബ്സൈറ്റ്